**ഭരണഭാഷ മാതൃഭാഷ**

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വികാസ്ഭവൻ, തിരുവനന്തപുരം

**(ഹാജർ: സജീവ്.പി.പി)**

വിഷയം: ഡിഇഎസ് – ജീവനക്കാര്യം – റിസർച്ച് ഓഫീസർ കേഡറിലെ അനുപാതം - തസ്തികകളുടെ എണ്ണം പുനഃനിർണ്ണയിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. സ.ഉ(പി) നമ്പർ 10/2009/പ്ലാനിംഗ് തീയതി, 20/02/2009.
2. സ.ഉ(എം.എസ്) നം. 26/2019/പ്ലാനിംഗ്, തീയതി 15/10/2019.

**ഉത്തരവ് നം.ഡിഇഎസ് /388/2022-ഇബി1 തീയതി. 26/03/2022**

വകുപ്പിൽ റിസർച്ച് ഓഫീസർ കേഡറിൽ 66 തസ്തികകൾ ആയിരുന്നു ഉണ്ടായിരുന്നത്. അത് പ്രകാരം പരാമർശം (1) ഉത്തരവിലെ അനുപാതം അനുസരിച്ച് (2:1) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 44 റിസർച്ച് ഓഫീസർ തസ്തികകളും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിന് 22 റിസർച്ച് ഓഫീസർ തസ്തികകളും ക്രമീകരിച്ചിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചിരുന്ന പശ്ചിമഘട്ട സെല്ലിന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം പശ്ചിമഘട്ട സെല്ലിൽ ഉൾപ്പെട്ടിരുന്ന ഒരു റിസർച്ച് ഓഫീസർ തസ്തിക നിർത്തലാക്കിയിട്ടുണ്ട്. അതിനാൽ നിലവിൽ റിസർച്ച് ഓഫീസർ കേഡറിൽ 65 തസ്തികകൾ ആണ് ഉള്ളത്.

ഈ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ അനുപാതം പ്രകാരം (2:1) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 44 റിസർച്ച് ഓഫീസർ തസ്തികകളും പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിന് 21 റിസർച്ച് ഓഫീസർ തസ്തികകളും ആയി ക്രമീകരിച്ച് ഉത്തരവാകുന്നു.

Signature valid
Digitally signed by Sajeevu P P
Date: 2022.03.26 14:58:20 IST
Reason: Approved

**DIRECTOR**

പകർപ്പ്:

1. ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/അഡീഷണൽ ഡയറക്ടർ – സി.എ
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ഗ്രഡേഷൻ/ബഡ്ജറ്റ് വിഭാഗം